പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2958

16.05.2017 ൽ

മറുപടിയ്ക്ക്

## പിങ്ക് പോലീസിന്റെ സേവനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷക്കായി രൂപീകരിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | പിങ്ക് പോലീസ് കൺട്രോൾ റൂമുകൾ അഞ്ച് പ്രധാന നഗരങ്ങളിലും കണ്ണൂർ ജില്ലയിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി പിങ്ക് പട്രോൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. |
| (ബി) പിങ്ക് പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | സംസ്ഥാനത്തെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സേവനത്തിനും, സുരക്ഷയ്ക്കുമായി പിങ്ക് പോലീസ് പട്രോൾ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ കീഴിലുള്ള വാഹനങ്ങൾ രാവിലെ 8 മുതൽ രാത്രി 8 വരെ പട്രോളിംഗ് നടത്തി വരുന്നതും സ്ത്രീകൾക്കും കുട്ടികൾക്കും ഇവരുടെ സേവനത്തിനായി ടോൾ ഫ്രീ നമ്പർ ആയ 1515-ൽ ബന്ധപ്പെട്ട് പോലീസ് സഹായം ആവശ്യപ്പെടാവുന്നതാണ്. പിങ്ക് പോലീസിന്റെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉചിതവും കാലാനുസൃതവുമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ